# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

W 6-11876/16 തീയതി - 23/01/2021

**സർക്കുലർ നമ്പർ -36/ 2020-21**

വിഷയം :- പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ചു വരുന്ന വിദ്യാഭ്യാസ വായ്പയുടെ നിരക്ക് വർദ്ധിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്.

2. 13/10/2020 തീയതിയിലെ തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിന്റെ എച്ച്3/100/2020 തൊഴിൽ നമ്പർ കത്ത്.

3. 18/12/2013ലെ സർക്കുലർ നമ്പർ 25/2013-14.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന് കീഴിലെ അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ മക്കളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് വിദ്യാഭ്യാസ വായ്പാ വർദ്ധനവ് നൽകുന്നതിന് സൂചന (1) പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുള്ളതാണ്. മെഡിസിൻ, എഞ്ചിനീയറിംഗ്, ബിരുദാനന്തര ബിരുദം എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഉള്ള തൊഴിലാളികൾക്ക് 50,000/- രൂപ 6 % പലിശയോടു കൂടി അനുവദിക്കുന്നതിന് സൂചന (2) പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ താഴെപ്പറയുന്ന വ്യവസ്ഥകളോടെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിലാളിക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കുമ്പോൾ നിലവിൽ വിവിധോദ്ദേശ വായ്പ നൽകുന്നതിന് പാലിക്കപ്പെടുന്ന മാനദണ്ഡങ്ങൾ പ്രകാരം ടി.ബി.എഫ്. തുകയുടെ 80% (തൊഴിലാളികളുടെ ആകെ വായ്പാ തുക മറ്റു വായ്പകൾ ഉൾപ്പെടെ) ആയി നിജപ്പെടുത്തി വിദ്യാഭ്യാസ വായ്പ പരമാവധി 50,000/- രൂപ 6% പലിശ നിരക്കിൽ അനുവദിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ സർക്കുലറിന് 01/02/2021 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. വിദ്യാഭ്യാസ വായ്പാ വിതരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഓരോരുത്തരും വീഴ്ച കൂടാതെ പാലിക്കണമെന്നും ഇതിനാൽ നിർദ്ദേശിച്ചു കൊള്ളുന്നു.

ഈ സർക്കുലർ ലഭിച്ചതിനുള്ള കൈപ്പറ്റ് രസീത് എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും മടക്കത്തപാലിൽ അയക്കേണ്ടതാണ്. കൂടാതെ സബ് ഓഫീസിലേക്ക് സർക്കുലർ കോപ്പി ജില്ലാ ഓഫീസിൽ നിന്നും അയച്ചു നൽകി പ്രസ്തുത വിവരം കൂടി അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/c)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്കും, ജില്ലാ സെക്രട്ടറി, ഫിനാൻസ് ഓഫീസർ, സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർമാർ.

പകർപ്പ്

ബോർഡ് ഓഫീസിലെ എല്ലാ സൂപ്രണ്ടുമാർക്കും, എഫ്2 സെക്ഷൻ, സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്